ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 9-ാം ക്ലാസ്സിലെ ജീവശാസ്ത്രം പാഠപുസ്തകത്തിൽ പോഷകാഹാരക്കുറവ് കൊണ്ട് ഉണ്ടായേക്കാവുന്ന ചില രോഗങ്ങളെക്കുറിച്ചുള്ള വിവരങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) അധികാര വികേന്ദ്രീകൃതാസൂത്രണ പദ്ധതിയുടെ ഭാഗമായി അങ്കണവാടികളിലെ ഭക്ഷണവിതരണം ബന്ധപ്പെട്ട പഞ്ചായത്തുകൾക്ക് കൈമാറ്റം ചെയ്യപ്പെട്ടിട്ടുള്ളതാണ്. അതാത് പഞ്ചായത്തുകൾ ഫണ്ടിന്റെ ലഭ്യത അനുസരിച്ചും ഓരോ മേഖലകളിലേയും വിവിധ ഭക്ഷണക്രമങ്ങൾ അനുസരിച്ചും പ്രോജക്ട് വച്ച് പദ്ധതി നടപ്പിലാക്കിവരുന്നു. അതാത് പഞ്ചായത്തുകളാണ് അങ്കണവാടികളിലെ ഭക്ഷണക്രമം തീരുമാനിക്കുന്നത്. ഏതുതരത്തിലുള്ള ഭക്ഷണ പദാർത്ഥങ്ങൾ നൽകിയാലും കേന്ദ്ര സർക്കാരിന്റെ Norms അനുസരിച്ചുള്ള പോഷകമൂല്യങ്ങൾ അടങ്ങിയിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

മത്സ്യത്തൊഴിലാളി മേഖലകളിൽ വ്യാപിക്കുന്ന മാരകരോഗങ്ങൾ

80 (2289) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികൾ താമസിക്കുന്ന മേഖലകളിൽ ക്യാൻസർ പോലെയുള്ള മാരക രോഗങ്ങൾ വ്യാപകമാകുന്നുവെന്നുള്ളകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് തടയുന്നതിനായി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ഇതിനെക്കുറിച്ച് പഠിക്കുന്നതിനും കാരണം കണ്ടെത്തി രോഗം തടയുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) നടത്തിയിട്ടില്ല.

(സി) പരിശോധിക്കുന്നതാണ്.

ആദിവാസികൾക്കുള്ള സൗജന്യചികിത്സ പദ്ധതി

81 (2290) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) ആദിവാസികൾക്ക് സൗജന്യചികിത്സ നൽകുന്ന പദ്ധതിക്ക് എത്ര തുക അനുവദിച്ചു എന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനായി സർക്കാർ മെഡിക്കൽ കോളേജുകൾക്ക് ഓരോ വർഷവും എത്ര തുക അനുവദിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(സി) നാല് വർഷമായി നാമമാത്രമായ തുകനൽകിവരുന്നതുമൂലം ആദിവാസികളുടെ സൗജന്യചികിത്സ മുടങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) മെഡിക്കൽ കോളേജുകളിലെ ന്യായവില മരുന്നുഷോപ്പുകളിൽ ഈ ഇനത്തിൽ മരുന്നുവാങ്ങിയ വകയിൽ എത്ര രൂപയാണ് നൽകാനുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത തുക നൽകുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ;

(എഫ്) ആദിവാസികൾക്ക് സൗജന്യചികിത്സ ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഈ പദ്ധതിക്ക് 6,28,16,737 രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) അനുവദിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി നൽകിയിരിക്കുന്നു.**

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) 2,14,33,953 രൂപ നൽകാനുണ്ട്.

(ഇ&എഫ്) സ്വീകരിക്കുന്നതാണ്.

രാസവസ്തുക്കളുടെയും കൃത്രിമ നിറങ്ങളുടെയും ഉപയോഗം

82 (2291) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടികൾ കൂടുതലായി ഉപയോഗിക്കുന്ന നൂഡിൽസ്, ബിസ്കറ്റുകൾ, കേക്കുകൾ, മിഠായികൾ എന്നിവയിൽ രുചിയും മണവും വർദ്ധിപ്പിക്കുന്നതിനായി അനുവദനീയ മായതിലും കൂടുതൽ രാസവസ്തുക്കളും കൃത്രിമ നിറങ്ങളും ചേർത്ത് വില്പന നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly